www.malankaralibrary.com



# അതിജീവനം 'നമ്മളി'ലൂടെ

കേരള ചരിത്രത്തിലെ ഏറ്റവും വലിയ ജലപ്രളയകെടുതിയിലൂടെ 2018 ആഗസ്റ്റ്മാസം നാം കടന്നുപോയി. എല്ലാം നഷ്ടപ്പെട്ടവർ ഇനിയെന്തു ചെയ്യും എന്ന അവസ്ഥയിൽ ജീവിക്കുന്നു. മുന്നോട്ടുള്ള ജീവിതം താറുമാറായി കിടക്കുന്നു. പകച്ചു നിൽക്കുന്ന ജീവിതാവസ്ഥ സ്വന്തം കുടുംബാംഗങ്ങളുടെ ജീവൻ നഷ്ടപ്പെട്ടവർ അതിലേറെ വേദനയിൽ കഴിയുന്ന മാനസികമായി നിരാശയിലായിരിക്കുന്നവർ അനേകർ. ഇവരുടെ മുമ്പിൽ ഒരു ചോദ്യം മാത്രം അവശേഷിക്കുന്നു. ഇതിനെ എങ്ങനെ ഇനി അതിജീവിക്കും. എങ്ങനെ ജീവിതത്തിലേക്ക് തിരിച്ച് വരും. തീർച്ചയായും ഇങ്ങനെ ഈ ചിന്തയിലൂടെ കടന്നു പോകാത്തവർ വളരെ വിരളമായിരിക്കും.

വി. ലൂക്കായുടെ സുവിശേഷത്തിൽ 10-ാം അദ്ധ്യായത്തിൽ 19 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ യേശു ധനവാന്റെയും  ലാസറിന്റെയും ഉപമ പഠിപ്പിക്കുന്നുണ്ട്. ധനവാന് എല്ലാ സുഖസൗകര്യങ്ങളും ഉണ്ടായിരുന്നു. ലാസറിന് കഷ്ടതകളും. ദൈവം തുണയായിട്ടുള്ളവനാണ് ലാസർ. അവന്റെ കഷ്ടപ്പാടുകളിൽ ദൈവമാണ് അവന്റെ തുണ. രണ്ടു പേരും ഒരുനാൾ മരിച്ചു. മരണം യാദൃശ്ചികമല്ല. യാഥാർത്ഥ്യമാണ്. അനിവാര്യമാണ്. മരണശേഷം ധനവാൻ നരകത്തിൽ യാതന അനുഭവിക്കുന്നു. ലാസർ അബ്രഹാമിന്റെ മടിയിൽ ആനന്ദിക്കുന്നു. അപ്പോൾ ധനവാൻ നരകത്തിൽ കിടന്ന് ലാസറിനെ നോക്കുന്നു. ഒരിറ്റ് വെള്ളം കിട്ടുവാൻ ധനവാൻ ആഗ്രഹിക്കുന്നു. എന്നാൽ ധനവാന് ലാസറിന്റെ അടുത്തേക്ക് പോകുവാനോ അവിടെ നിന്ന് ഇങ്ങോട്ട് വരുവാനോ സാധ്യമാകാത്തവിധം ഇവർ രണ്ടുപേരുടെയും മധ്യത്തിൽ ഒരു ഗർത്തം രൂപപ്പെട്ടിരുന്നു. ഈ ഗർത്തമാണ് ഞാനും-നീയും, ഞങ്ങളും-നിങ്ങളും എന്ന മനോഭാവം. ഈ ഗർത്തം ഇല്ലാതാകണമെങ്കിൽ ഇല്ലാതാക്കണമെങ്കിൽ അവിടെ നമ്മൾ എന്ന മനോഭാവം രൂപപ്പെടണം.

ഭൂമിയിൽ നാം ജീവിച്ചിരിക്കുമ്പോൾ നമ്മൾ എന്ന ബന്ധത്തിൽ ജീവിക്കുവാൻ ശ്രദ്ധിച്ചിരുന്നുവെങ്കിൽ, ശ്രമിച്ചിരുന്നുവെങ്കിൽ ഞങ്ങൾ-നിങ്ങൾ, ഞാൻ-നീ എന്ന ഗർത്തം രൂപപ്പെടില്ലായിരുന്നു. എല്ലാം നഷ്ടപ്പെട്ടവരുടെ മുമ്പിൽ നാം നമ്മൾ മനോഭാവത്തിൽ സഹായിക്കണം. കരുതണം, സ്നേഹിക്കണം. ഒരുമിച്ച് നമുക്ക് സാധ്യമാണ് എന്ന ചിന്ത വളരണം. നമ്മൾ ഒന്നാണ് നമ്മൾ അതിജീവിക്കും എന്നത് ഐക്യത്തിന്റെ ശക്തിയാണ്. ഈ അതിജീവനം നമ്മൾ എന്ന മനോഭാവത്തിലൂടെ സാധ്യമാകും. ഇവിടെ ഞാനും-നീയും എന്നല്ല ഞങ്ങളും-നിങ്ങളും എന്നല്ല എന്റെ മതം-നിന്റെ മതം എന്നല്ല നമ്മൾ എന്ന ജീവിതരീതി വളർന്നു വരട്ടെ.

ഫരിസേയ മനോഭാവമാണ് തന്നിൽ തന്നെ ആശ്രയിക്കുന്നതും മറ്റുള്ളവരെ പുച്ഛിക്കുന്നതും. ഈ മനോഭാവത്തിൽ ജീവിച്ചവരെ യേശു വിമർശിച്ചിട്ടുണ്ട്. അതാണ് ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ നമ്മെ പഠിപ്പിക്കുന്നത്. നമുക്കാർക്കും നമ്മിൽ തന്നെ ആശ്രയിക്കാനാവില്ല.

ആരെ തള്ളിക്കളയാനും സാധ്യമല്ല. അപരന്റെ സഹായം ആവശ്യമുള്ള സമയം വരും. ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്ക് പരിശ്രമിക്കാം. നമുക്ക് നേരിട്ടിരിക്കുന്ന ഈ ജലപ്രളയക്കെടുതിയിൽ നിന്ന് നാം കരകയറും, നാം അതിജീവിക്കും എന്ന ചിന്ത ശക്തമാവണം. നമ്മൾ എന്നത് ഐക്യമാണ്. സത്യമാണ്. സാഹോദര്യമാണ്. അത് വർഗ്ഗീയതയല്ല. രാഷ്ട്രീയമല്ല. വർഗ്ഗമല്ല, ജാതിയല്ല, മതമല്ല. ഈ തിരിച്ചറിവ് നാം നേടിയെടുക്കണം. അപ്പോൾ ഈ ദുരിതത്തെ അതിജീവിക്കുവാൻ നമുക്ക് സാധിക്കും. ഇവിടെ ആരും ഒറ്റയ്ക്കല്ല. ഇവിടെ നാം എല്ലാവരും ഉണ്ട്. നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, ഒന്നായി നീങ്ങാം. ഒരു പുതിയ കേരളം രൂപപ്പെടട്ടെ.

**ഫാ. മാത്യു ചിറയിൽ**